(സി) മഴക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണവയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

&

(ഡി) ഇത്തരത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര ചെലവുണ്ടെന്നും പ്രസ്തുത തുക സർക്കാർ അനുവദിക്കുമോ എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മഴക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ട്. ടൗട്ടെ, യാസ് ചുഴലിക്കാറ്റുകൾമൂലവും അതിശക്തമായ മഴയിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലത്തിനും ഓടകൾക്കും സംരക്ഷണ ഭിത്തികൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതിനുപുറമേ കടൽക്ഷോഭത്തെ തുടർന്ന് കടൽഭിത്തിയും തകർന്നിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഭാഗത്തെ നാശനഷ്ടം സംഭവിച്ച തീരദേശ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 3 കോടി രൂപ ആവശ്യമായി വരും. കൂടാതെ 18 മീറ്റർ വീതിയിലും 75 മീറ്റർ നീളത്തിലും കടലെടുത്ത ശംഖുമുഖം ഭാഗത്തെ റോഡ് പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തിയിൽ അധികമായി 2 കോടി രൂപ ആവശ്യമാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് തകർന്നിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗതാഗത യോഗ്യമല്ലാതായി തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 5223.44 ലക്ഷം രൂപ വേണ്ടിവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II *ആയി ചേർക്കുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

33(2389) ശ്രീ. രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ്, മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ - ഗണപതിയാകുളങ്ങര റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ് ഹോട്ടൽ ബേബി ജംഗ്ഷൻ - എൻ.എച്ച്- ഇരട്ടക്കുളങ്ങര- പള്ളിപ്പാട് ചന്ത- കുരീക്കാട് ജംഗ്ഷൻ - പുല്ലമ്പട-റോഡ് നവീകരണ പ്രവൃത്തികൾ NABARD RIDF XXIV പദ്ധതിയിലുൾപ്പെടുത്തി 2019 ഡിസംബറിൽ ടെണ്ടർ ചെയ്യുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ് വെയറിൽ ഇ-എം.ബുക്ക് ജനറേറ്റ് ചെയ്യുവാൻ സാങ്കേതിക തടസ്സമുണ്ടായതിനെ തുടർന്ന് കരാർ റദ്ദ് ചെയ്യുകയും തുടർന്ന് 2021-ൽ പുനർദർഘാസ് നടത്തിയ പുതിയ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ഭാഗമായ ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയും, എൻ.എച്ച്. ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുമുള്ള ഓട നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മേടയിൽ കടവ് കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നത് പൂർത്തിയാക്കിയിട്ടുണ്ട്. ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നതിനായി ലെവൽസ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഓട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ- ഗണപതിയാകുളങ്ങര റോഡ് കി.മീ.0/000 മുതൽ 3/750 വരെയുള്ള പുനരുദ്ധാരണത്തിന് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇത്രയും നീളത്തിൽ ബി.എം. ആൻഡ് ബി.സി നിലവാരത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച തുക അപര്യാപ്തമായതിനാൽ 0/000 മുതൽ 2/000 വരെ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടുള്ളൂ. തുടർന്ന് പ്രവൃത്തിയുടെ നോമൺക്ലേച്ചർ മാറ്റുന്നതിന് വേണ്ടി ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തി 2019 അവസാനമാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇതിനെ തുടർന്ന് 2021 ഫെബ്രുവരി മാസം പ്രവൃത്തി പുനർ ദർഘാസ് നടത്തുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിന്റെ പ്രാഥമിക ലെവൽസ് എടുക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിർവ്വഹണ തടസ്സമെന്തെന്നും ആയത് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ടി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മറ്റുതടസ്സങ്ങൾ ഒന്നുമില്ല.